# ഭരണഭാഷ - മാതൃഭാഷ

അടിയന്തിരം / സമയബന്ധിതം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 19.09.2023

നമ്പർ. L1/13628/22/ഡി.ടി.ഇ

**<u>സർക്കുലർ</u>**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - പ്ലാനിംഗ് സെക്ഷൻ - KGTE പ്രിൻറിംഗ് ടെക്നോളജി കോഴ്സുകൾ പാർട്ട് ടൈം ആയി ആരംഭിക്കുന്നതിനാവശ്യമായ സൌകര്യങ്ങൾ അറിയിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1) G.O. (Ms) No. 289/2023/HEDN തീയതി 22.05.2023.
2) സർക്കാർ കത്ത് നമ്പർ J1/237/2023-HEDN തീയതി 21.08.2023.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കൊല്ലം, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ പ്രവർത്തിക്കുന്ന സർക്കാർ പോളിടെക്നിക് കോളേജുകളിൽ KGTE പ്രിൻറിംഗ് ടെക്നോളജി കോഴ്സുകൾ (Pre-Press Operation, Post Press Operation & Finishing) സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാകാത്ത രീതിയിൽ പാർട്ട് ടൈം ആയി ആരംഭിക്കുവാൻ കഴിയുമോ എന്നത് സംബന്ധിച്ച് റിപ്പോർട്ട് നല്കുവാൻ സൂചന കത്ത് പ്രകാരം സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ ജില്ലകളിൽ സ്ഥിതി ചെയ്യുന്ന പോളിടെക്നിക് കോളേജുകളിൽ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന തരത്തിൽ KGTE പ്രിൻറിംഗ് ടെക്നോളജി കോഴ്സുകൾ പാർട്ട് ടൈം ആയി നടത്തുവാൻ ആവശ്യമായ സൌകര്യങ്ങൾ ലഭ്യമാണോയെന്നത് സംബന്ധിച്ച് ആവശ്യമായ റിപ്പോർട്ട് നല്കുവാൻ ബന്ധപ്പെട്ട സ്ഥാപനമേധാവികളോട് നിർദ്ദേശിക്കുന്നു.

ഡോ. രാമചന്ദ്രൻ എം
സീനിയർ ജോയിൻറ് ഡയറക്ടർ

സ്വീകർത്താവ്

1. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കോൺഫിഡൻഷ്യൽ അസിസ്റ്റൻറ്.
3. സീനിയർ ജോയിൻറ് ഡയറക്ടറു (പി എസ്) ടെ കോൺഫിഡൻഷ്യൽ അസിസ്റ്റൻറ്.
4. സ്റ്റോക്ക് ഫയൽ; / ഓഫീസ് കോപ്പി.

Approval Valid

Digitally Approved By
ഡോ. രാമചന്ദ്രൻ എം
Date: 19.09.2023
Reason: Approved

The document is digitally approved. Hence signature is not needed.

Draft #8 of File L1/13628/22/DTE Approved by Senior Joint Director (PS) on 19-Sep-2023 02:37 PM - Page 1